**കൊല്ലം ജില്ലാകളക്ടറുടെ നടപടിക്രമം**
**(ഹാജർ : ബി. അബ്ദുൾ നാസർ ഐ എ എസ്)**

വിഷയം : അഡിഷണൽ സ്ഥലമെടുപ്പ്- RFCTLARR ആക്റ്റ് , 2013 അഞ്ചൽ ബൈപാസ് സാമൂഹിക പ്രത്യാഘാത പഠനം വിദഗ്ധ സമിതി ശുപാർശ സമുചിത ഗവൺമെന്റ് അന്തിമ തീരുമാനം ഉത്തരവാകുന്നത് സംബന്ധിച്ച്.

സൂചന :
1. സർക്കാർ ഉത്തരവ് (ആർ റ്റി)1180/2018/പി ഡ ബ്ല്യൂ ഡി –തീയതി 30/7/2018
2. 26/08/2019 തീയതിയിലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ നടപടിക്രമം.
3 റവന്യൂ (ബി) വകുപ്പിന്റെ 29/06/2016 ലെ GO(P) NO 376/2016/RD GO(P) NO 377/2016 RD ഉത്തരവുകൾ
4. കേരള ഗസറ്റ് വിജ്ഞാപനം നമ്പർ 2365,തീയതി 9/10/2019
5. എസ് ഐ എ യൂണിറ്റ് നമ്പർ 2,ഐഡിയൽ കൺസൾട്ടൻസി 21/12/2019 തീയതിയിൽ സമർപ്പിച്ച റിപ്പോർട്ട്.
6 വിദഗ്ധ സമിതിയുടെ 1/07/2020 ലെ റിപ്പാർട്ട്
7 ഈ കാര്യാലയത്തിലെ 20/10/2020 ലെ ഇതേ നമ്പർ നടപടിക്രമം
8 സ്പെഷ്യൽ തഹസിൽദാർ എൽ എ നമ്പർ 1 ന്റെ 16/12/2020 ലെ A3-1932/18 നമ്പർ റിപ്പോർട്ട്

എൽ എ ആർ ആർ ആക്റ്റ് 2013 (The Right to Fair Compensation and Transperancy in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം കൊല്ലം ജില്ലയിൽ പുനലൂർ താലൂക്കിൽ അഞ്ചൽ ബൈപാസ് നിർമ്മാണത്തിനായി അഞ്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 34 റീസർവ്വേ നമ്പർ 326/27, 326/29, 368/27, 368/28, 368/29, 390/21, 390/22, 394/27, 394/28, 394/29, 394/30, 394/32, 394/34, 394/35 കളിൽ ഉൾപ്പെട്ട സ്ഥലങ്ങളും ഇടമുളയ്ക്കൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 29 ൽ റീ സർവ്വേ നമ്പർ 359/24, 359/26, 359/28 ഉൾപ്പെട്ടുവരുന്ന സ്ഥലമുൾപ്പെടെ ആകെ 33.93 ആർസ് വസ്തു ഏറ്റെടുക്കുന്നതിനായി സൂചന (1) പ്രകാരം ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഫോറം നമ്പർ 2 ൽ എക്സിക്യൂട്ടീവ് എൻജിനിയർ അർത്ഥന നൽകുകയും ചെയ്തിട്ടുള്ളതാണ്.

200 ആർ വരെ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യത്തിൽ അതാത് ജില്ലാ കളക്റ്ററെ സമുചിത സർക്കാരായി സൂചന (3) പ്രകാരം സർക്കാർ ഉത്തരവ് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധിക്കപ്പെട്ട പ്രദേശത്ത് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഐഡിയൽ കൺസൾട്ടൻസി നമ്പർ 2 നെ നിയമിക്കുകയും സൂചന (5) പ്രകാരം പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സൂചന (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനായി വിദഗ്ധ ഗ്രൂപ്പിനെ RFCTLARR ആക്റ്റ് , 2013 ലെ വകുപ്പ് 7(1) പ്രകാരം രൂപീകരിച്ചിരുന്നു.വിദഗ്ധ ഗ്രൂപ്പ് സാമൂഹ്യ പ്രത്യാഘ പഠന റിപ്പോർട്ട് വിലയിരുത്തി സൂചന (6) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

പ്രസ്തുത ശുപാർശയിൽ ഈ ബൈപാസ് നിർമ്മാണം പൂർത്തികരിച്ചാൽ അഞ്ചൽ പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിനാക്കുന്നതിന് പരിഹാരമാപുമെന്നും ,ഈ പദ്ധതി പൊതുജനത്തിന് ഏറ്റവും ഉപകാരപ്രദമാണെന്നും 33.93 ആർ ഭൂമി പ്രസ്തുത പദ്ധതിക്ക് ആവശ്യമായ ഏറ്റവും ചുരുങ്ങിയ വിസ്തീർണമാണെന്നും വിദഗ്ധ സമിതി ശുപാർശ

ചെയ്തു. പ്രസ്തുത പദ്ധതിക്കായി ഏറ്റെവും അനുയോജ്യമായ സ്ഥലമാണ് ഏറ്റെടുക്കുവാൻനിർദ്ദേശിച്ചിട്ടുള്ളതെന്നും ടി പദ്ധതിക്ക് അനുയോജ്യമായ മറ്റ് സ്ഥലങ്ങളില്ല എന്നും സമിതി ശുപാർശ ചെയ്തിട്ടുള്ളതാണ്. ടി പദ്ധതിക്ക് നിലവിലുള്ള നിയമമനുസരിച്ച് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാമെന്നും മേൽ പദ്ധതിയുടെ ഗുണവശങ്ങൾ പരിഗണിക്കുമ്പോൾ സാമൂഹ്യപ്രത്യാഘാതങ്ങൾ കുറവായതിനാൽ പ്രസ്തുത ഭൂമിയേറ്റെടുക്കൽ പദ്ധതിയോട് യോജിക്കുന്നതായിട്ടുള്ള വിദഗ്ധ സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ സൂചന 7 പ്രകാരം മേൽ സർവ്വേനമ്പരുകളിലെ ഭൂമി ഏറ്റെടുക്കുന്നതിന് സമുചിത സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

എന്നാൽ സർക്കാർ ഉത്തരവിലും , അർത്ഥനയിലും , 4 (1) വിജ്ഞാപനത്തിലും ,റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവിലും എല്ലാം രേഖപ്പെടുത്തിയിരിക്കുന്നത് അഞ്ചൽ ബൈപാസിന്റെ ഒന്നാം ഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സർവ്വേ നടപടികളുടെ ഭാഗമായി അഡീഷണൽ അകിസിഷന് വേണ്ടി നൽകിയ യഥാർത്ഥ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലം സർവ്വേ നടത്തി എൽ എ സബ് ഡിവിഷൻ നൽകിയ നമ്പരുകളാണെന്നും ടി സബ്ഡിവിഷനുകൾക്ക് എൽ എ എൻ എച്ച് സ്പെഷ്യൽ തഹസിൽദാരും ജില്ലാ സർവ്വേ സൂപ്രണ്ടും അംഗീകാരം നൽകുകയും ചെയ്തിരുന്നതായും എന്നാൽ ആദ്യ ഘട്ട അകിസിഷനിൽ ടി സർവ്വേ നമ്പരുകൾ ഉൾപ്പെട്ട് വന്നിട്ടില്ല എന്നും ടി സബ്ഡിവിഷൻ നമ്പർ റദ്ദ് ചെയ്യാതെയാണ് അഡീഷണൽ അകിസിഷനുവേണ്ടി എൽ എ സബ് ഡിവിഷൻ രേഖപ്പെടുത്തി അർത്ഥന സമർപ്പിച്ചിട്ടുളതെന്നും സൂചന 8 പ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ നമ്പർ 1 റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

അഞ്ചൽ ബൈപാസ് അഡീഷണൽ അകിസിഷനുവേണ്ടി ഏറ്റെടുക്കേണ്ട ഭൂമിയുടെ യഥാർത്ഥ സർവ്വേ നമ്പരുകൾ അഞ്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 34 ൽ 326/12, 326/17, 368/10, 368/12, 368/15, 390/12, 390/14, 394/6, 394/11, 394/13, 394/14, 394/15, 394/16, 394/17, എന്നീ സർവ്വേ നമ്പരുകളും ഇടമുളയ്ക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 29 ൽ 359/7, 359/8, 359/9 എന്നീ സർവ്വേ നമ്പരുകളുമാണെന്നും. അഞ്ചൽ വില്ലേജ് ബ്ലോക്ക് നമ്പർ 34 ൽ സർവ്വേ നമ്പർ 326/1 ന്റെ ഫീൽഡിൽ ചില അപാകതകൾ ഉള്ളതായും എൽ എ ഒ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്.

മേൽ സാഹചര്യത്തിൽ അഞ്ചൽ ബൈപാസ് അഡിഷണൽ അക്കിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി അഞ്ചൽ വില്ലേജിൽ LA സർവ്വേ സബ്ഡിവിഷൻ നമ്പറുകൾക്കൊപ്പം അഞ്ചൽ വില്ലേജിൽ ബ്ലോക്ക് നമ്പർ 34 ൽ സർവ്വേ നമ്പർ 326/12, 326/17, 368/10, 368/12, 368/15, 390/12, 390/14, 394/6, 394/11, 394/13, 394/14, 394/15, 394/16, 394/17 എന്നീ സർവ്വേ നമ്പരുകളും ഇടമുളയ്ക്കൽ വില്ലേജിൽ LA സർവ്വേ സബ്ഡിവിഷൻ നമ്പറുകൾക്കൊപ്പം ബ്ലോക്ക് നമ്പർ 29 ൽ 359/7, 359/8, 359/9 എന്നീ സർവ്വേ നമ്പരുകളിലും കൂടി ഉൾപ്പെട്ടുവരുന്ന ആകെ 33.93 ആർസ് ഭൂമി RFCTLARR ആക്റ്റ് , 2013 ലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായി ഏറ്റെടുക്കുന്നതിനായി സമുചിത സർക്കാർ എന്ന നിലയിൽ ചുവടെ പ്രകാരം നിർദ്ദേശം നൽകികൊണ്ടും സൂചന 7 പ്രകാരമുള്ള സമുചിത സർക്കാരിന്റെ നടപടിക്രമം റദ്ദ് ചെയ്തു കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

## ഉത്തരവ്

അഞ്ചൽ ബൈപാസ് അഡീഷണൽ അകിസിഷനുമായി ബന്ധപ്പെട്ട് RFCTLARR ആക്റ്റ് , 2013 ലെ വകുപ്പ് 11 ഉപവകുപ്പ് 1 പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനത്തിലും, വകുപ്പ് 19 പ്രകാരമുള്ള പ്രഖ്യാപനമുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളിലും ഏറ്റെടുക്കേണ്ട യഥാർത്ഥ സർവ്വേനമ്പരുകളും അനുബന്ധമായി അർത്ഥന പ്രകാരമുള്ള LA സബ്ഡിവിഷൻ നമ്പരും രേഖപ്പെടുത്തി നടപടി

സ്വീകരിക്കേണ്ടതും ,അർത്ഥനാധികാരി കൈവശക്കാരുടെ യഥാർത്ഥ സർവ്വേ നമ്പർ രേഖപ്പെടുത്തിയ ഭരണാനുമതിയും പുതിയ അർത്ഥനയും സമർപ്പിക്കേണ്ടതാണ്. കൂടാതെ അഞ്ചൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 34 ൽ 326/1 സർവ്വേ ഫീൽഡിലെ അപാകത ജില്ലാ സർവ്വേ സൂപ്രണ്ടും സ്പെഷ്യൽ തഹസിൽദാരും സംയുക്ത പരിശോധന നടത്തി ശരിയായ സർവ്വേ നമ്പർ നിലനിർത്തിയും തെറ്റായത് റെദ്ദ് ചെയ്ത് അപാകത പരിഹരിക്കേണ്ടതുമാണ്. കൂടാതെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് യഥാർത്ഥ സർവ്വേ നമ്പരുകൾ രേഖപ്പെടുത്തി RFCTLARR ആക്ട് , 2013 ലെ ഉപവകുപ്പ് (1) വകുപ്പ് (11) പ്രകാരമുള്ള വിജ്ഞാപനം ലാന്റ് അക്വിഷൻ ഓഫീസർ തയ്യാറാക്കി യഥാവിധി സമർപ്പിക്കേണ്ടതാണ്.

ജില്ലാകളക്ടർ

പകർപ്പ് :-
1) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് നിരത്ത് വിഭാഗം കൊല്ലം
2) സ്പെഷ്യൽ തഹസിൽദാർ ,എൽ എ, നമ്പർ 1 സിവിൽ സ്റ്റേഷൻ.കൊല്ലം
3) ജില്ലാ സർവ്വേ സൂപ്രണ്ട്
4) ബന്ധപ്പെട്ട വ്യക്തികൾക്ക്

Signature Not Verified

Digitally signed by ABDUL
NASAR B
Date: 2021.01.12 18:00:56 IST
Reason: Approved